(ബി) ചികിത്സാസഹായം ലഭിച്ചവരുടെ പേരുവിവരവും അവർക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ സാധാരണ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിന്റെ കണക്കുകൾ ശേഖരിക്കാറില്ല. നെടുമങ്ങാട് താലൂക്കിൽ 904 പേർക്കായി 22,28,000 രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തി എണ്ണായിരം രൂപമാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുണ്ട്. ധനസഹായം ലഭിച്ചവരുടെ പേരുവിവരം ശേഖരിച്ച് പിന്നീട് നൽകുന്നതാണ്.

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നുള്ള പ്രതിവാര ഫ്ളൈറ്റുകൾ

54 (2176) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് ഇപ്പോൾ പ്രതിവാരം എത്ര ഫ്ളൈറ്റുകൾ പോവുകയും എത്ര ഫ്ളൈറ്റുകൾ വരുകയും ചെയ്യുന്നുണ്ട് എന്നറിയിക്കാമോ ;

(ബി) അവിടെ നിന്ന് ഏതെല്ലാം വിദേശ കമ്പനികൾ സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(സി) അടുത്ത മൂന്ന് മാസത്തിനുള്ളിൽ എത്ര പുതിയ ഇന്റർനാഷണൽ ഫ്ളൈറ്റുകൂടി അവിടെ നിന്നും ഓപ്പറേറ്റ് ചെയ്യാനിടയുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ പ്രസ്തുത വിമാനത്താവള കമ്പനി ലാഭത്തിലാണോ നടക്കുന്നത് എന്നതിനെ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 154 ഫ്ളൈറ്റുകൾ വരുകയും 154 ഫ്ളൈറ്റുകൾ പോവുകയും ചെയ്യുന്നു.

(ബി) ഒമാൻ എയർ, കുവൈറ്റ് എയർവെയ്സ്, എമിറേറ്റ്സ്, സിൽക്ക് എയർ, ശ്രീലങ്കൻ എയർ ലൈൻസ്, സൗദി അറേബ്യൻ എയർലൈൻസ്, ഖത്തർ എയർവെയ്സ്.

(സി) ജൂലൈയിൽ ഗൾഫ് എയർ സർവ്വീസ് ആരംഭിക്കുമ്പോൾ പ്രതിവാരം അഞ്ച് അന്താരാഷ്ട്ര സർവ്വീസ് കൂടി ആകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആഡിറ്റിന് വിധേയമായിട്ടില്ലാത്ത കണക്കനുസരിച്ച് 2002-2003-ൽ 692 ലക്ഷം രൂപ ലാഭമുണ്ടായിട്ടുള്ളതായി വിമാനത്താവള കമ്പനി അറിയിച്ചിട്ടുണ്ട്.

മുല്ലപ്പെരിയാർ പദ്ധതിയിലെ എനർജി ഡിസിപ്പേഷൻ വർക്കുകൾ

55 (2178) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ബാലറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പദ്ധതിയിലെ എനർജി ഡിസിപ്പേഷൻ വർക്കുകൾ എന്ന് പൂർത്തിയാക്കണമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) അത് പൂർത്തിയാക്കിയോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും, ആ ജോലിയുടെ എത്ര ശതമാനം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ പണി പൂർത്തിയാക്കാത്തപക്ഷം പ്രസ്തുത ഡാമിന്റെ ബലക്ഷയം വർദ്ധിക്കുവാനിടയുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എനർജി ഡിസിപ്പേഷൻ വർക്ക് ചെയ്യുന്നതിന്റെ ആവശ്യമെന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) മുല്ലപ്പെരിയാർ ഡാമിനോടനുബന്ധിച്ചുള്ള ഇത്തരം വർക്ക് സംബന്ധിച്ച കാര്യങ്ങൾ നോക്കുവാനുത്തരവാദിത്വമുള്ള സംസ്ഥാന ഉദ്യോഗസ്ഥനാരാണ് ?

ഉത്തരം

(എ&ബി) ഇപ്പോൾ പണികൾ പൂർത്തിയായിട്ടുണ്ട്. പണി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി ലഭ്യമല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) അണക്കെട്ടിൽ സംഭരിച്ചിരിക്കുന്ന ജലം സ്പിൽവേയിൽകൂടി ഒഴുകി ഡാമിന്റെ മുമ്പിൽ താഴ്ഭാഗത്തേയ്ക്കു ശക്തിയായി പതിക്കുമ്പോൾ ഡാമിന്റെ മുൻഭാഗത്തിന് നാശം സംഭവിക്കാതിരിക്കാൻ ചെയ്യുന്ന ജോലികളാണ് എനർജി ഡിസിപ്പേഷൻ വർക്കുകൾ. മുല്ലപ്പെരിയാർ ഡാമിൽ പുതുതായി നിർമ്മിച്ച മൂന്നു വെന്ററുകൾക്ക് മുന്നിൽ പാറയില്ലാത്തതുകൊണ്ടാണ് എനർജി ഡിസിപ്പേഷൻ വർക്കുകൾ ആവശ്യമായി വന്നത്.

LIBRARY ARCHIVES Kerala Legislative Assembly